കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ഗ്രാമവികസനം- ജീവനക്കാര്യം- ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത്- സ്പഷ്ടീകരണം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ. (എം.എസ്)നം.112/2017/തസ്വഭവ, തിരുവനന്തപുരം,തീയതി: 16.6.2017**

പരാമർശം : 1. സർക്കാർ ഉത്തരവ് (അച്ചടി) നം.44/2011/തസ്വഭവ തീയതി 16/02/2011.
2. ഗ്രാമവികസന കമ്മീഷണറുടെ 03/10/2015 ലെ 12915/ എസ്റ്റാ.ബി1/ 15/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ നിയമനം, നിരീക്ഷണകാലം, ഉദ്യോഗക്കയറ്റം മുതലായവ സംബന്ധിച്ചുള്ള വിശേഷാൽ ചട്ടം പരാമർശം (1) പ്രകാരം നിലവിൽ വന്നിട്ടുണ്ട്. 16/02/2011-ലെ വിശേഷാൽ നിയമം ചട്ടം (9) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർ ടെസ്റ്റും എം.ഒ.പി-യും ആവശ്യമാണെന്നും അക്കൗണ്ട് ടെസ്റ്റും (ലോവർ/ഹയർ) എം.ഒ.പി യും നേരത്തേ തന്നെ പാസായിട്ടുള്ളവരെ മേൽ നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ചില ഉദ്യോഗസ്ഥർ നൽകിയ അപേക്ഷകൾ മേൽ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിക്കുകയുണ്ടായെന്നും അതിനാൽ 16/02/2011-നു മുമ്പോ അതിനു ശേഷമോ എം.ഒ.പി യും അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) പരീക്ഷയും പാസായവരെ എക്സിക്യൂട്ടീവ് ടെസ്റ്റിൽ നിന്നും ഒഴിവാക്കാവുന്നതാണോ എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു 16/02/2011-ൽ പ്രാബല്യത്തിൽ വന്ന വിശേഷാൽ നിയമം ചട്ടം (9) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള ടെസ്റ്റ് യോഗ്യത താഴെപ്പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"The test qualification to be acquired during the period of probation to category (8) shall be Account Test for Executive Officer and Manual of Office Procedure. In the case of persons who have already passed Account Test (Lower/Higher) and Manual of Office Procedure, they shall be exempted from the test of Account Test for Executive Officer and Manual of Office Procedure".

മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ടെസ്റ്റ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് Account Test for Executive Office ഉം Manual of

Office Procedure വിജയിക്കുകയെന്നതാണ്.അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ), എം.ഒ.പി പരീക്ഷകൾ നേരത്തെ തന്നെ പാസ്സായിട്ടുള്ളവരെ പുതുക്കിയ യോഗ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ, ഗ്രാമവികസന വകുപ്പിൽ 16/02/2011-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരും എന്നാൽ നേരത്തേ തന്നെ വകുപ്പുതല പരീക്ഷകൾ പാസായവരുമായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നിരീക്ഷണ കാലം പ്രഖ്യാപിക്കുന്നതിനുള്ള യോഗ്യത കണക്കാക്കുന്നതിൽ അവ്യക്തതയുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ വിശേഷാൽ ചട്ടം നിലവിൽ വന്ന 16/02/2011-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്കു മുമ്പു തന്നെ അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ), എം.ഒ.പി ടെസ്റ്റുകൾ പാസ്സായിട്ടുള്ള പക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസർ ടെസ്റ്റും എം.ഒ.പി-യും പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ ,ഐ.എ.എസ്**

**സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള,തിരുവനന്തപുരം
3) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(അനൗദ്യോഗിക ഫയൽ നം.ഉപദേശബി2/149/16/ ഉഭപവ തീയതി 18/01/2017.
4) നിയമവകുപ്പ്(അനൗദ്യോഗികഫയൽനം.7860/ഡി3/2017/നിയമം,തീയതി,24.4.17
5) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ